പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2044

07.12.2015 ൽ മറുപടിക്ക്

## കേരള പോലീസ്

| ചോദ്യം<br><br>ശ്രീ. ഷാഫി പറമ്പിൽ | മറുപടി<br><br>ശ്രീ. രമേശ് ചെന്നിത്തല<br><br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) കേരള പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് സി.ഐ. മുതൽ ഡി.വൈ.എസ്.പി വരെയുള്ളവരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; | എ) സർക്കിൾ ഇൻസ്പെക്ടർമാരുടെ 7 ഒഴിവുകളും ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിൽ 21 ഒഴിവുകളും നിലവിലുണ്ട്. (ഡി.വൈ.എസ്.പി മാരുടെ ഒഴിവുകളിൽ 5 എണ്ണം യു.എൻ ലേയ്ക്ക് ഡെപ്യൂട്ടേഷനിൽ പോയത് മുഖേന ഉണ്ടായതാണ്). |
| ബി) പ്രസ്തുത തസ്തികകളുടെ ഡി.പി.സി ലിസ്റ്റ് നിലവിലുണ്ടോ; | ബി) സർക്കിൾ ഇൻസ്പെക്ടർമാരുടെ പ്രമോഷ-നുള്ള സെലക്ട് ലിസ്റ്റ് നിലവിലുള്ളതും എന്നാൽ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിൽ പ്രമോഷനുള്ള സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതുമാണ്. |
| സി) പ്രസ്തുത തസ്തികയിലുള്ളവരുടെ പ്രമോഷൻ നടപടികൾ അടിയന്തിരമായി ആരംഭിക്കുമോ; | സി) സബ് ഇൻസ്പെകടർമാരുടെ സീനിയോറിറ്റി ലിസ്റ്റിലുള്ള തർക്കം പരിഹരിച്ചാലുടൻതന്നെ സബ് ഇൻസ്പെകർമാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഡിപ്പാർട്ട്മെന്റ് പ്രമോഷൻ കമ്മിറ്റി (ലോവർ) ചേരുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ഡി) പ്രസ്തുത തസ്തികയിലുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ? | ഡി) സബ് ഇൻസ്പെക്ടർമാരുടെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് 31.12.2006 വരെയുള്ളത് നിലവിലുണ്ട്. എന്നാൽ ടി സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് ഡയറക്ട് എസ്.ഐ.മാരും പ്രമോഷൻ ലഭിച്ച എസ്.ഐ-മാരും തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ട്. ആയത് സംബന്ധിച്ച് ഒരു കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം 1996 മുതലുള്ള എസ്.ഐ. മാരുടെ സീനിയോറിറ്റി ലിസ്റ്റ് പുനഃപരിശോധിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിലുള്ള-വരുടെ സീനീയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ